മെമ്പറായിരുന്ന ഡാക്ടർ (മിസ്സിസ്സ്) ടി. ഫ്രാൻസിസ്സ് ഫ്രം ൪ നവമ്പർ ൧൯൫൨ തിയ്യതി ചരമമടഞ്ഞ വിവരം ഈ സഭയെ വ്യസനസമേതം തെയ്യപ്പെടുത്തിക്കൊള്ളുന്നു. ഒരു നിയമസഭാംഗമെന്ന നിലയിൽ ആ മഹതി പ്രദർശിപ്പിച്ചിരുന്ന സേവനസന്നദ്ധതയും പൊതുജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ പ്രത്യക്ഷപ്പെടുത്തിയിരുന്ന ജാഗ്രതയും പ്രത്യേകം പ്രസ്താവ്യമാണ്. ആ മഹതിയുടെ നിര്യാണത്തിൽ ഈ സഭക്കു നേരിട്ടിരിക്കുന്ന നഷ്ടവും സങ്കടവും രേഖപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും നമ്മുടെ അനുശോചനം അറയിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കർത്തവ്യമാണ്. അതിന്റെ ലക്ഷ്യമായി സഭ എഴുന്നേറ്റു് അല്പനേരം നിന്നു് ഈ നിർദ്ദേശം സ്വീകരിക്കണമെന്നു താല്പര്യപ്പെടുന്നു.

The motion was passed unanimously, all the members standing.

മി. സ്പീക്കർ : ഡാക്ടർ (മിസ്സിസ്സ്) ഫ്രാൻസിസ്സിന്റെ ചരമംമൂലം ടി നിയോജകമണ്ഡലത്തിൽ ഒരു ഒഴിവു് ഉണ്ടായിരിക്കുന്ന വിവരം സഭയെ തെയ്യപ്പെടുത്തിക്കൊള്ളുന്നു.

Condolence on the death of Sardar Vallabhbhai Patel, Deputy Prime Minister of India

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) : സർ, ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേലിന്റെ നിര്യാണത്തിനുശേഷം ഈ സഭ ആദ്യമായി സമ്മേളിക്കുകയാണു്. ഈ അവസരത്തിൽ അദ്ദേഹത്തെ സ്മരിക്കേണ്ടതു ഈ സഭയിലെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു കർത്തവ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മരിച്ച അവസരത്തിൽ അദ്ദേഹത്തിനു എഴുപത്തഞ്ചിലധികം വയസ്സു പ്രായമായിരുന്നു എന്നുള്ള വസ്തുത, അദ്ദേഹത്തിന്റെ നിര്യാണംമൂലം നമുക്കുണ്ടായിട്ടുള്ള ദുഃഖത്തെ അശേഷവും ലഘൂകരിക്കുന്നില്ല. അത്രമാത്രം നമ്മുടെ രാഷ്ട്രത്തിനു ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു സ്ഥാപനമായി നാം അദ്ദേഹത്തെ കണക്കാക്കുവാൻ തുടങ്ങിയിരുന്നു. ഇൻഡ്യയിലെ ജനങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടിയിരുന്നകാലത്തു് അവരുടെ നിശ്ശബ്ദനും എന്നാൽ സമർത്ഥനുമായ ഒരു സേനാനായകനായിട്ടായിരുന്നു സർദാർ പട്ടേൽ വർത്തിച്ചിരുന്നതു്. മഹാത്മജിയുടെ പ്രധാന സഹപ്രവർത്തകനും അനുയായികളിൽ പ്രമുഖനും അദ്ദേഹമായിരുന്നു.

൧൯൨൦മാണ്ടു മുതൽ ൧൯൪൭ വരെ കാൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഇൻഡ്യയിലെ ജനങ്ങൾ നടത്തിയ സമരത്തിനു് അദ്ദേഹം കുറെ ഏറെ ചുമതല വഹിച്ചിരുന്നു എന്നുള്ളതു നമുക്കൊക്കെ അറിയാം. എന്നാൽ സമരകാലത്തു അദ്ദേഹത്തിനു് നമുക്കു നൽകുവാൻ കഴിഞ്ഞിരുന്നതിനെക്കാൾ കൂടുതൽ ആശിസ്സുകൾ, ഒരുപക്ഷെ, അദ്ദേഹം ഇൻഡ്യയിലെ ഭരണാധികാരി ആയതിനുശേഷം അദ്ദേഹത്തിനു നൽകുവാൻ കഴിഞ്ഞിരുന്നു. സമരകാലത്തു അദ്ദേഹത്തിന്റെ മാഹാത്മ്യം അദ്ദേഹത്തിന്റെ നേതാവായിരുന്ന മഹാത്മജിയുടെ സാന്നിദ്ധ്യംമൂലം അല്പം മങ്ങിയിരുന്നു. മഹാത്മജിയുടെ സഹപ്രവർത്തകനായിട്ടാണു് അദ്ദേഹം അക്കാലങ്ങളിലെല്ലാം പ്രവർത്തിച്ചിരുന്നതു്. എങ്കിലും സമരകാലത്തു് വളരെ സുധീരമായി നേതൃത്വം പ്രകടിപ്പിച്ചിരുന്ന പല നേതാക്കന്മാർക്കും തത്തുല്യമായ പ്രാഭവം പ്രകടിപ്പിക്കുവാൻ സാധിച്ചിരുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. കഴിഞ്ഞ മൂന്നുകൊല്ലത്തിനകം ഇൻഡ്യയിലെ ഭരണസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചിട്ടുള്ള അനിതരസാധാരണമായ സാമർത്ഥ്യ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

വും അഭൂതപൂർവ്വമായ സൂക്ഷ്മബുദ്ധിയും വിദേശത്തുള്ള വിമർശകന്മാരെപ്പോലും അത്ഭുതപ്പെടുത്തിയിരുന്നു എന്നുള്ളതു നമുക്കറിയാവുന്ന വസ്തുതയാണു്. എന്റെ എളിയ അഭിപ്രായത്തിൽ ഫൺർ ഒ ആഗസ്റ്റ് ഫ ൽാംനു- നമ്മുടെ വിദേശമേധാവികൾ ഈ രാജ്യം വിട്ടപ്പോൾ, ഇൻഡ്യയുടെ ഭരണം നടത്താനുള്ള അവകാശം ഇൻഡ്യാക്കാരുടെ കയ്യിൽ അപ്പിച്ചുകൊണ്ടുപോയപ്പോൾ, ഈ രാജ്യത്തു തലയുയർത്തിയിരുന്ന പല വിധത്തിലുള്ള വിഭിന്നശക്തികളുടേയും സമ്മർദ്ദത്തിൽപെട്ടു് പുതിയതായി ഉടലെടുത്തുവരുന്ന ഇൻഡ്യ വീണ്ടും അടിമത്വത്തിലേക്കു തുണ്ടുപോയേക്കുമെന്നു ഇൻഡ്യയുടെ ബന്ധുക്കളിൽ പലർപോലും വിചാരിച്ചിരുന്നു. ആ ആശ സഫലമാകാതിരുന്നതിനുള്ള പ്രധാന കാരണം സർദാർ പട്ടേലിന്റെ സുധീരമായ നേതൃത്വമാണെന്നു ഞാൻ വിചാരിക്കുന്നു.

സെക്രട്ടറി ആഫ് സ്റ്റേറ്റുമായി കവനൻറിൽ ഏർപ്പെട്ടിരുന്ന നമ്മുടെ ഐ. സി. എസ്. ഉദ്യോഗസ്ഥന്മാരെ ആ വിദേശസർവ്വീസിൽനിന്നും ഒഴിവാക്കി ഇൻഡ്യൻ സർവ്വീസിന്റെ ഘടകങ്ങളാക്കിത്തീർക്കുവാൻ സർദാർ പട്ടേൽ ചെയ്തിട്ടുള്ള പ്രയത്നം പ്രശംസാർഹമാണു്. ആ പ്രയത്നം സഫലമാകാതിരുന്നു എങ്കിൽ ഇന്നും നമ്മുടെ ഐ. സി. എസ്. ഉദ്യോഗസ്ഥന്മാർ വിദേശീയമേധാവിത്വത്തിനും നിയന്ത്രണത്തിനും കീഴ്പെട്ടിരിക്കുമായിരുന്നു. അത്ഭുതകരമായ നയതന്ത്രജ്ഞതയാണു ഇക്കാര്യത്തിൽ സർദാർ പട്ടേൽ പ്രകടിപ്പിച്ചതു്. എന്നുതന്നെയുമല്ല, ഒരു വിദേശഗവൺമെണ്ടിന്റെ കീഴിൽ ആ വിദേശനയത്തിനു അനുസരണമായ ഒരു നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ ഉദ്യോഗസ്ഥവൃന്ദത്തെ പുതിയ ദേശീയഗവൺമെണ്ടിന്റെ നയത്തിനു അനുസരണമായും ആ ഗവൺമെണ്ടിനോടു കൂറുള്ളതായും വരുന്ന ഒരു സംഘമാക്കിത്തീർക്കുവാൻ സർദാർ പട്ടേലിന്റെ അത്ഭുതാവഹമായ ഈ നയംതന്നെയാണു സഹായിച്ചതു്.

ബ്രിട്ടീഷ് ഗവൺമെണ്ടു് ഈ രാജ്യം വിട്ടുമാറിയതിനുശേഷം, പുതിയ ഇൻഡ്യാ ഗവൺമെണ്ടു് ഇവിടെ നടപ്പിലാക്കിയതിനുശേഷം, വിഷമമേറിയ പല പ്രശ്നങ്ങളെപ്പറ്റിയും ഇൻഡ്യാ ഗവൺമെണ്ടിനു് തീരുമാനിക്കുവാനുണ്ടായിരുന്നു. അവയിൽ ഏറ്റവും പ്രധാനമായിരുന്നതു ഇൻഡ്യയിൽ അവിഭക്തമായിരുന്ന കാലത്തുണ്ടായിരുന്ന സമ്പത്തുക്കളെ ഇൻഡ്യയും പാകിസ്ഥാനും തമ്മിൽ ഏറ്റവും ന്യായമായ തോതിൽ വിഭജിക്കേണ്ടതെങ്ങനെ എന്നുള്ളതായിരുന്നു. എത്ര ഗംഭീരന്മാരായ ഭരണതന്ത്രജ്ഞന്മാരെപ്പോലും പരിഭ്രമിപ്പിക്കുവാനും പരാജയപ്പെടുത്തുവാനും മതിയായ പ്രശ്നങ്ങൾ അതിൽ അടങ്ങിയിട്ടുണ്ടായിരുന്നു. അതു് ഏറെക്കുറെ വിജയപ്രദമായ നിലയിൽ കലാശിപ്പിക്കുവാൻ പരിശ്രമിച്ചിട്ടുള്ള മഹാനും പരേതനായ നമ്മുടെ നേതാവാണു്.

ഇതിലൊക്കെ വിഷമമേറിയ മറ്റൊരു പ്രശ്നവും ഉണ്ടായിരുന്നു. നാട്ടുരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഒരു നില കൈക്കൊള്ളുവാനും ആ പ്രശ്നത്തിനു തക്കതായ ഒരു പരിഹാരം കണ്ടുപിടിക്കുവാനും കഴിഞ്ഞതു് സർദാർ പട്ടേലിനാണു്. അതിൽ നാം എന്നും സർദാർ പട്ടേലിനെ സ്മരിക്കുന്നതാണു്. വിദേശികൾ ഇൻഡ്യാ കൈവിട്ടപ്പോൾ ഇൻഡ്യയിൽ നൂറ്റമ്പതു നാട്ടുരാജ്യങ്ങളുണ്ടായിരുന്നു. വെള്ളക്കാർ ഇൻഡ്യാ വിട്ടപ്പോൾ ഈ നാട്ടുരാജ്യങ്ങളെല്ലാം സ്വതന്ത്രരാജ്യങ്ങളാണെന്നു പ്രഖ്യാപിച്ചുകൊണ്ടാണു് അവർ ഇവിടെനിന്നും പോയതു്. ഇൻഡ്യപോലുള്ള ഒരു പുതിയ സാമ്രാജ്യത്തിനകത്തു് ദുർബ്ബലങ്ങളായ അവയവങ്ങളിൽ ചിലപ്പോഴും നാട്ടുരാജ്യങ്ങളുണ്ടാവുക എന്നുള്ളതിനേക്കാൾ ഇൻഡ്യയെ ബലക്ഷയമാക്കിത്തീർക്കുവാൻ മറ്റു കാരണമൊന്നും വേണമെന്നില്ല. ഈ നാട്ടുരാജ്യങ്ങൾമൂലം ഇൻഡ്യയിൽ സർവ്വപ്രകാരേണ കലഹങ്ങൾ ഉണ്ടാകുമെന്നും, അവരുടെ കീഴിൽ വിദേശശക്തികൾ തടിച്ചുകൂടി വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയെ വിദേശാക്രമണത്തിനു് വിധേയമാക്കുവാൻ കഴിയുമെന്നും പലരും ഭയപ്പെട്ടിരുന്നു. എന്നാൽ ആ ഭയങ്ങളെല്ലാം അസ്ഥാനത്താക്കത്തക്കവണ്ണം ഈ നാട്ടരാജ്യങ്ങളെല്ലാം ഇൻഡ്യാരാജ്യത്തോടു ലയിപ്പിക്കയും, അശോകചക്രവത്തിയുടേയും, അക്ബർ ചക്രവത്തിയുടേയും കാലത്തുണ്ടായിരുന്നതിനേക്കാൾ ഐകരൂപ്യവും വിസ്തൃതിയും ഉള്ള മഹത്തായ ഒരു ഇൻഡ്യാരാജ്യത്തെ നമുക്കു് ലഭ്യമാക്കിത്തീർക്കുകയും ചെയ്തു. മഹത്തായ ഈ പ്രവർത്തനത്തിൽ സർദാർ പട്ടേലിനെ ലണ്ടനിലെ ടൈംസുപത്രം ജർമ്മനിയിലെ ബിസ്മാർക്കിനോടാണു് ഉപമിച്ചിട്ടുള്ളതു്. എന്നാൽ ബിസ്മാർക്കാകട്ടെ അത്ഭുതകരമായ ആ തന്ത്രം ഉപയോഗിച്ചതു് ജർമ്മനിയിലെ പട്ടാളത്തെക്കൊണ്ടാണെങ്കിൽ, സർദാർ പട്ടേൽ ഇൻഡ്യയിൽ അതു സാധിച്ചതു് അദ്ദേഹത്തിനു സ്വാധീനമായ ജനകീയശക്തി കൊണ്ടുമാത്രമായിരുന്നു. വിജയോന്മത്തനായി പട്ടാളങ്ങളുടേയും തോക്കുകളുടേയും ബലംകൊണ്ടു വിജയത്തിൽനിന്നും വിജയത്തിലേക്കു മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു സേനാനിയെപ്പോലെ, അലക്സാണ്ടറെപ്പോലെയും, ചെങ്കിസ്ഖാനെപ്പോലെയും രാജ്യങ്ങൾ പിടിച്ചടക്കിക്കൊണ്ടിരുന്ന ഒരു സേനാനിയെപ്പോലെയല്ല സർദാർപട്ടേൽ പ്രവർത്തിച്ചതു്. ഇന്നു് ഇൻഡ്യാരാജ്യത്തിനു് ഒരു ഛത്രം ഉണ്ടെങ്കിൽ അതു് ജനകീയമായ ഒരു ഛത്രമാണു്. ആ ഏകഛത്രം മാത്രമാണു് പട്ടേൽ ഉണ്ടാക്കിയതു്.

ഇൻഡ്യാരാജ്യത്തെ മറ്റൊരുകാലത്തുമുണ്ടായിട്ടില്ലാത്തവിധത്തിൽ അത്ര വിജയകരമായ വിധത്തിൽ കൊണ്ടുവന്നു എന്നുള്ളതിൽ ലോകവും ഇൻഡ്യയുമുള്ളകാലത്തോളം സർദാർ പട്ടേലിനെ സ്മരിക്കുന്നതാണു്. ഇൻഡ്യടെസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള ഒരു നേതാവും, ഇൻഡ്യയിലെ സമർത്ഥനായ ഒരു ഭരണാധികാരിയും എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ മരണം ഇൻഡ്യയ്ക്കു മുഴുവൻ ഒരു നഷ്ടമാണു്. എന്നാൽ കാൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം അവരുടെ വലിയ ഒരു നേതാവാണു് നഷ്ടപ്പെട്ടിട്ടുള്ളതു്. അനുയായികളിൽ സ്നേഹവും ബഹുമാനവും അങ്കുരിപ്പിച്ചുകൊണ്ടും പ്രതിയോഗികളിൽ സമാധാനത്തെ ഉല്പാദിപ്പിച്ചുകൊണ്ടും പ്രവർത്തിച്ചിരുന്ന ഒരു അത്ഭുത രാഷ്ട്രീയപ്രവർത്തകനായിരുന്നു സർദാർ പട്ടേൽ. കാൺഗ്രസ് പാർട്ടിക്കു് ആത്മവിശ്വാസവും ശക്തിയും നൽകിയിരുന്ന ഒരു നേതാവാണദ്ദേഹം. അങ്ങനെ അദ്ദേഹത്തിന്റെ മരണം രാഷ്ട്രത്തിനും കാൺഗ്രസ് പാർട്ടിക്കും ഒരു വലിയ നഷ്ടമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ നഷ്ടത്തിന്റെ പരിണാമം എത്രമാത്രമുണ്ടെന്നു വിസ്തരിച്ചു വിശദീകരിക്കുവാൻ എനിക്കു സമയമോ ശക്തിയോ ഉണ്ടെന്നു തോന്നുന്നില്ല.

അങ്ങനെയുള്ള ഒരു മഹാനേതാവിന്റെ നിര്യാണത്തിൽ നാം അനുശോചിക്കുകയാണു്. ഈ സഭയിലുള്ള ഓരോ അംഗവും ഈ അനുശോചനപ്രകടനത്തോടു യോജിക്കുമെന്നു, സർ, ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഇൻഡ്യയുടെ ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന സർദാർ വല്ലഭായി പട്ടേൽ അവർകളുടെ നിര്യാണത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ ചെയ്ത പ്രസ്താവനയിലെ ആശയങ്ങളോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. നമുക്കു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിലും രാജ്യത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിഷമപ്രശ്നങ്ങൾക്കു തക്കതായി പരിഹാരം കണ്ടുപിടിക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ച പ്രത്യേക വൈദഗ്ധ്യവും അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രത്യക്ഷമാക്കിട്ടുള്ള അതിരറ്റ ദേശഭക്തിയും സ്ഥൈര്യവും ഏവർക്കും അറിവുള്ളതും ആ വിവരം സുവർണ്ണലിപികളാൽ ചരിത്രം രേഖപ്പെടുത്തുന്നതുമാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

ണ്ട്. അദ്ദേഹത്തിന്റെ ചരമം തീരാത്ത ക്ലേശത്തിനും അപരിഹാര്യമായ നഷ്ടത്തിനും കാരണമാക്കിട്ടുണ്ട്. നേരിട്ടിരിക്കുന്ന ഈ നഷ്ടത്തേയും സങ്കടത്തേയും രേഖപ്പെടുത്തുന്നതിനുള്ള ഈ നിർദ്ദേശം അദ്ദേഹത്തോടുള്ള നമ്മുടെ നിഷ്കളങ്കമായ സ്നേഹബഹുമാനങ്ങളുടെ ലക്ഷ്യമായി നമുക്ക് അല്പനേരത്തേക്ക് എഴുന്നേറ്റു നിന്നു മൗനമായി നിന്നു സ്വീകരിക്കാം.

The motion was passed unanimously, all the Members standing.

The Assembly adjourned at 12-7 p.m. to meet again at 11 a.m. on Thursday the 22nd February 1951.

V. KRISHNAMOORTHI AIYAR,
Secertary, Legislative Assembly

ANNEXURE REGARDING MEMBERS SWORN IN

Press Note

The following members of the Legislative Assembly have been sworn in by the Hon'ble Speaker at 11 a. m., today the 21st February 1951:—

1. Sri. K. Balakrishna Menon (Wadakkancheri—General).
2. Sri. M. P. Krishna Das (Thiruvella IV—Pulaya).
3. Sahib Bahadur Makkaru Pillai (Muvattupuzha-I—Muslim).
4. Sri. A. P. Nambiar (Ollur—General).

V. KRISHNAMOORTHI AIYAR
Secretary,
Legislative Assembly

——

LIBRARY ARCHIVES Kerala Legislative Assembly